അടിസ്ഥാനത്തിൽ അഡ്വാൻസ് നൽകാൻ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിരിക്കുന്നു. ഈ വിവരം ബന്ധുക്കളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) നഷ്ടപരിഹാരത്തുക നിശ്ചയിക്കേണ്ടത് എ. എൻ. എസ്. എ. എം. യു. ഐ. എഗ്രിമെന്റ് നാഷനൽ മെറിടൈം ബോർഡ് എഗ്രിമെന്റ് പെറ്റി ആഫീസേഴ്സ് എഗ്രിമെന്റ് ഇവയിലെ നിബന്ധനകൾ അനുസരിച്ചാണ്. ആപ്പീസർമാർ പെറ്റി ആപ്പീസർമാർ, സീമെൻ (ക്രൂ) എന്നിവർക്ക് നൽകാവുന്ന നഷ്ടപരിഹാരത്തുക നിശ്ചയിച്ചു കഴിഞ്ഞു. കപ്പലിൽ രണ്ടു കേഡറ്റുകളും ഒരു റേഡിയോ ട്രെയിനിയും ഉണ്ടായിരുന്നു. അവർക്ക് മേൽപ്പറഞ്ഞ എഗ്രിമെന്റുകളൊന്നും ബാധകമല്ല. അവർക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടനുസരിച്ച് നഷ്ടപരിഹാരം നൽകേണ്ടിവരും. അതെത്രയെന്ന് നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. കപ്പൽ ജീവനക്കാരെപ്പറ്റി ഒരു വിവരവും ലഭിക്കുന്നില്ലെങ്കിൽ 3-7-1980-നുശേഷം മാത്രമേ നഷ്ടപരിഹാരത്തുക വിതരണം ചെയ്തുകൂടൂ. പക്ഷേ ചോദ്യം എ-നെറ ഉത്തരത്തിൽ പറഞ്ഞപ്രകാരം അഡ്വാൻസ് നൽകാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

മന്ത്രിമാരുടെ വകുപ്പുകളുടെ പുനർവിഭജനം

*16[17] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ വകുപ്പുകൾ പുനർവിഭജനം ചെയ്യുവാൻ ഉദ്ദേശിക്കുന്നുവോ;

(ബി) അപ്രകാരമുള്ള പുനർവിഭജനത്തിന് മുഖ്യമന്ത്രി എന്തെങ്കിലും ശ്രമങ്ങൾ നടത്തുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ എന്താണതിന് പ്രേരകമായ കാരണങ്ങൾ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇല്ല.

(ബി) മുഖ്യമന്ത്രി അത്തരം ഒരു ശ്രമം നടത്തുകയുണ്ടായില്ല.

(സി) ഉദിക്കുന്നില്ല.

കൊടുങ്ങല്ലൂർ പോലീസ് വെടിവെയ്പ്

*17[18] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ ആഗസ്റ്റ് 6-ാം തീയതി നടന്ന പോലീസ് വെടിവെയ്പിനെ തുടർന്നു ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly